Phone: Executive Officer : 04935 - 210201
Enquiry : 210055

# SREE THIRUNELLY TEMPLE

UNDER MALABAR DEVASWOM BOARD
P. O. THIRUNELLY TEMPLE, WAYANAD - 670 646.
Kerala State, India.

## ശ്രീ തിരുനെല്ലി ദേവസ്വം ക്വട്ടേഷൻ നോട്ടീസ്

ശ്രീ തിരുനെല്ലി ക്ഷേത്രത്തിൽ എത്തുന്ന ഭക്തജനങ്ങൾക്ക് രാവിലെയും രാത്രിയും ഉപ്മാവ്,കാപ്പി,അച്ചാർ എന്നിവയും ഉച്ചയ്ക്ക് ചോറ്, സാമ്പാർ, ഉപ്പേരി, അച്ചാർ, കൂട്ട് കറി എന്നിവയും ദേവസ്വം നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി 01/11/2025 മുതൽ 31/10/2026 വരെ ഏറ്റെടുത്ത് നടത്താൻ താത്പര്യമുള്ള ഹിന്ദുക്കളും ക്ഷേത്ര വിശ്വാസികളുമായ വ്യക്തികളിൽ നിന്നും അംഗീകൃത സൊസൈറ്റികൾ, പഞ്ചായത്ത് അംഗീകരിച്ച കുടുംബശ്രീകൾ എന്നിവരിൽ നിന്നും 23/10/2025 രാവിലെ 10.30 മണിക്ക് മുമ്പായി ക്വട്ടേഷൻ സ്വീകരിക്കുന്നതും, അന്നേദിവസം ഹാജരുള്ളവരുടെ മുന്നിൽ വെച്ച് രാവിലെ 11.30 മണിക്ക് ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതുമാണ്. ക്വട്ടേഷൻ ഫോമുകൾ 10 രൂപ നിരക്കിൽ 17.10.2025 മുതൽ 23.10.2025 - ന് രാവിലെ 10.30 മണി വരെ ദേവസ്വം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുവാൻ താൽപര്യം, PH:04935210201, 8547336201.

**നിബന്ധനകൾ :**

1. ക്വട്ടേഷൻ ഏറ്റെടുക്കുന്നവർ ഫുഡ്, ഹെൽത്ത് എന്നീ ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യമായ ലൈസൻസ് സ്വന്തം ഉത്തരവാദിത്ത്വത്തിൽ എടുക്കേണ്ടതാണ്.
2. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 10000 രൂപ നിരതദ്രവ്യം അടച്ചതിന്റെ രശീതിയും, ആധാർ കാർഡിന്റെ കോപ്പിയും ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. ക്വട്ടേഷൻ ലഭിക്കുന്നവർ 200 രൂപയുടെ മുദ്രപത്രത്തിൽ മതിയായ കരാറും 10000 രൂപ സെക്യൂരിറ്റിയും കെട്ടി വെക്കേണ്ടതാണ്.
4. ഒരാൾക്ക് 300 ഗ്രാമിൽ കുറയാത്ത ഉപ്മാവ്(ഗോതമ്പ് റവയുടെ),കാപ്പി ,അച്ചാർ എന്നിവയും, ചോറ്, സാമ്പാർ, ഉപ്പേരി, ആച്ചാർ, കൂട്ട് കറി എന്നിവയും കൊടുക്കുന്നതിനുള്ള നിരക്ക് പ്രത്യേകം രൂപ നിരക്കിൽ ക്വട്ടേഷനിൽ കാണിക്കേണ്ടത്.
5. ഭക്ഷണം ഉണ്ടാക്കുന്നതിന് ആവശ്യമായ പാത്രങ്ങൾ,ഗ്യാസ് എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ കൊണ്ടുവരേണ്ടതാണ്.
6. ഭക്ഷണം ഉണ്ടാക്കുന്ന സ്ഥലം, വിതരണം ചെയ്യുന്ന സ്ഥലം എന്നിവ അതാത് ദിവസം ഭക്ഷണ വിതരണത്തിന് ശേഷം അടിച്ചുവാരി കഴുകി വൃത്തിയാക്കേണ്ടതാണ്.
7. ഭക്ഷണ വിതരണത്തിന് ഉപയോഗിക്കുന്ന പ്ലൈറ്റ്, ഗ്ലാസ് എന്നിവ തിളച്ച വെള്ളത്തിൽ കഴുകി ആളുകൾക്ക് ഉപയോഗിക്കാൻ കൊടുക്കേണ്ടതാണ്.

8. തയ്യാറാക്കുന്ന ഭക്ഷണം രുചികരവും ഭക്തർക്ക് തൃപ്തികരവുമായിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്ന ഭക്തജനങ്ങളോട് സൗമ്യമായി പെരുമാറേണ്ടതാണ്.
9. ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ ദേവസ്വവുമായി മതിയായ കരാർ വെക്കേണ്ടതാണ്, കരാർ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വട്ടേഷൻകരാനെ ഒഴിവാക്കുവാനും, തുടർ നടപടികൾ സ്വീകരിക്കുവാനും എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. പാചകം ചെയ്യാൻ ശുദ്ധമായ വെളിച്ചെണ്ണമാത്രം ഉപയോഗിക്കേണ്ടതാണ്.
11. അതാത് ദിവസം ദേവസ്വം ഓഫീസിൽ നിന്നും തരുന്ന ഓർഡറിനനുസരിച്ച് ഭക്ഷണം തയ്യാറാക്കേണ്ടതാണ് ഓരൊ മാസവും വിതരണം ചെയ്ത ഭക്ഷണത്തിന്റെ കണക്ക് പരിശോധിച്ച് അടുത്ത മാസം 5ാം തീയതിക്ക് ശേഷം ബിൽ തുക നൽകുന്നതാണ്
12. ക്വട്ടേഷൻ സ്വീകരിക്കുവാനോ, നിരാകരിക്കുവാനോ ഉള്ള അധികാരം തിരുനെല്ലി ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്
13. വിതരണംസംബന്ധിച്ച് ഭക്ഷ്യവിഷബാധയോ, അതുപോലെ എന്തെങ്കിലും സംഭവിച്ചാൽ ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ പൂർണ്ണ ഉത്തരവാദിയായിരിക്കുന്നതും, ക്വട്ടേഷൻ റദ്ദ് ചെയുന്നതുൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിന് ദേവസ്വത്തിന് അധികാരമുണ്ടായിരിക്കുന്നതുമാണ്
14. ടോക്കൺ അനുസരിച്ച് ഭക്ഷണം വിതരണം ചെയ്യേണ്ടതാണ് ദേവസ്വം വിതരണം ചെയ്യുന്ന ടോക്കൺ തിരിച്ച് ഓഫീസിൽ എൽപ്പിക്കേണ്ടതാണ് ദേവസ്വത്തിൽ തിരിച്ചുകിട്ടിയ ടോക്കണ് മാത്രമേ ഭക്ഷണത്തിന്റെ സംഖ്യ നൽകുകയുള്ളൂ.
15. പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം എന്നിവയുടെ കുറഞ്ഞ ക്വട്ടേഷൻ വിത്യസ്ത ആളുകൾക്ക് ലഭിക്കുകയാണെങ്കിൽ ക്വട്ടേഷൻ സംബന്ധിച്ച് ദേവസ്വം എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
16. തൃപ്തികരമല്ലാത്ത ഭക്ഷണം തയ്യാറാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് കരാർ റദ്ദാക്കുവാൻ മതിയായ കാരണമായിരിക്കും.
17. പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം എന്നിവയുടെ ക്വട്ടേഷൻ മതിയായ നിരക്കിലും കുറവുള്ളതാണെന്ന് തോന്നുന്ന പക്ഷം ദേവസ്വത്തിന് ഈ ക്വട്ടേഷൻ തള്ളികളയുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.
18. ക്വട്ടേഷൻ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വട്ടേഷൻകരാനെ ഒഴിവാക്കുമ്പോൾ ദേവസ്വത്തിനുവരുന്ന സാമ്പത്തിക നഷ്ട്ടം ക്വട്ടേഷൻ കാരനിൽ നിന്നും വസൂൽ ചെയ്യുന്നതാണ്.
19. ക്വട്ടേഷൻ സ്വീകരിക്കുന്നവർ രണ്ട് ആഴ്ചക്കുള്ളിൽ ഭക്ഷ്യസുരക്ഷ ലൈസൻസ് ഹാജരാക്കേണ്ടതാണ്.
20. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ഗുണനിലവാരമുള്ളതും, നിബന്ധനകൾ പാലിച്ചു കൊണ്ടുള്ളതുമായ ഭക്ഷ്യ വസ്തുക്കളായിരിക്കണം വിതരണം ചെയ്യേണ്ടത്.
21. അംഗീകൃത സൊസൈറ്റികൾ, പഞ്ചായത്ത് അംഗീകരിച്ച കുടുബശ്രീകൾ എന്നിവർക്ക് ക്വട്ടേഷനിൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

Phone: Executive Officer : 04935 - 210201
Enquiry : 210055

SREE THIRUNELLY TEMPLE
UNDER MALABAR DEVASWOM BOARD
P. O. THIRUNELLY TEMPLE, WAYANAD - 670 646.
Kerala State, India.

22. ക്വട്ടേഷൻ തൃപ്തികരമല്ലെന്ന് തോന്നുന്ന പക്ഷം ക്വട്ടേഷൻ നിരാകരിക്കുവാനോ മാറ്റി വെക്കുവാനോ ഉള്ള അധികാരം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.
23. ക്വട്ടേഷൻ സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള അധികാരം ദേവസ്വം എക്സിക്യൂട്ടീ ഓഫീസറിൽ നിക്ഷിപ്തമാണ്.

മേൽ നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ നൽകാൻ താൽപര്യമുള്ള ഹിന്ദുക്കളും ക്ഷേത്ര വിശ്വാസികളുമായ വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും 23/10/2025 ന് രാവിലെ 10.30 മണി വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും, അന്നേദിവസം രാവിലെ 11.30 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ക്വട്ടേഷൻ സംബന്ധിച്ച് വിശദ വിവരങ്ങൾ ദേവസ്വം ഓഫീസ്സിൽ നിന്നും പ്രവൃത്തി സമയത്തും, ദേവസ്വം വെബ്സൈറ്റിൽ നിന്നും (www.thirunellytemple.in, www.thirunellitemple.org) ലഭ്യമാണ്.

തിരുനെല്ലിക്ഷേത്രം
09.10.2025

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ
തിരുനെല്ലി ദേവസ്വം

(ശ്രീ തിരുനെല്ലി ദേവസ്വം, മലബാർ ദേവസ്വം ബോർഡ്, പി.ഒ. തിരുനെല്ലി ടെമ്പിൾ)

**copy to**

1. തിരുനെല്ലിക്ഷേത്രം നോട്ടിസ് ബോർഡ്.
2. തിരുനെല്ലി ഗ്രാമപഞ്ചായത്ത്.
3. തിരുനെല്ലി വില്ലേജ് ഓഫീസ്.
4. തിരുനെല്ലിക്ഷേത്രം ഓഫീസ് ഫയൽ.
5. തിരുനെല്ലി ക്ഷേത്രം ബസ്സ് സ്റ്റോപ്പ്.

വില്ലേജ് ഓഫീസർ
തിരുനെല്ലി വില്ലേജ്

10/10/25